
# സുപ്രിംകോടതിക്കും ജനവിധിയെ തടയാനാവില്ല

**2011 ഏപ്രിൽ 03**



ജനാധിപത്യവ്യവസ്ഥയിൽ അവസാനവാക്ക് ജനങ്ങളുടേതാണ്. അതുതന്നെയാണ് ജനാധിപത്യത്തിന്റെ മേന്മയും ശക്തിയും. ജനഹിതത്തെ മാനിക്കാത്ത സുപ്രിംകോടതി വിധികൾക്കെതിരെ ജനങ്ങൾ വിധിയെഴുതിയപ്പോൾ, ജനഹിതത്തെ മാനിക്കാത്ത സുപ്രിംകോടതി വിധികൾക്കാധാരമായ ഭരണഘടനാ വ്യവസ്ഥകൾ മാറ്റുന്നതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തി പ്രകടിപ്പിക്കുന്ന പുതിയ പാർലമെന്റുകളെ ജനം തിരഞ്ഞെടുത്തു. ജനഹിതം മാനിക്കപ്പെട്ടു. ഭരണഘടന ജനഹിതത്തിനൊത്ത് മാറ്റിമറിക്കപ്പെട്ടു.

ഇത് എവിടെയെങ്കിലും സംഭവിച്ച കാര്യമല്ല. ഈ ജനാധിപത്യരാഷ്ട്രത്തിലാണിതു സംഭവിച്ചത്. സ്വത്ത് മൗലികാവകാശമായി ഇന്ത്യൻ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിരുന്നതുകൊണ്ട് ജന്മിത്തവും നാടുവാഴിത്തവും സെമിന്താർ-ജാഗിർദാർ വ്യവസ്ഥയും അവസാനിപ്പിക്കണമെങ്കിൽ ഭൂസ്വാമി മാർക്ക് നഷ്ടപരിഹാരം നൽകിയേ പറ്റൂ എന്നായിരുന്നു സുപ്രിംകോടതി എടുത്ത നിലപാട്. ഗോലഗ് നാഥ് കേസിലെ ഈ സുപ്രിംകോടതിവിധി, ഭൂപരിഷ്കാരവും, ബാങ്കുകളുടെ ദേശസാൽക്കരണ ശ്രമത്തേയും തടസ്സപ്പെടുത്തി.

ഈ കോടതിവിധി ഇന്ത്യയിലെ ഭൂസ്വാമിമാരേയും കുത്തക മുതലാളിമാരേയും ആഹ്ലാദിപ്പിച്ചപ്പോൾ ഇന്ത്യയുടെ സാമൂഹ്യപുരോഗതിക്ക് അതൊരു വലിയ തടസ്സമായി മാറി.

ഈ പ്രശ്നം ഒരു രാഷ്ട്രീയപ്രശ്നമായുയർത്തിക്കൊണ്ട് നടന്ന 1971-ലെ പൊതു തിരഞ്ഞെടുപ്പിൽ ജനവിധി തികച്ചും വ്യക്തമായിരുന്നു. തുടർന്നുവന്ന 42-ാം ഭരണഘടനാ ഭേദഗതി നിയമം വഴി ഈ തടസ്സം നീക്കപ്പെട്ടു. തുടർന്നാണ് മൗലികമായ ഭൂപരിഷ്കരണ-ദേശസാൽക്കരണ നടപടികളിലൂടെ ഇന്ത്യ പുരോഗതിയുടെ പാതയിലൂടെ മുന്നേറിയത്.

ഇക്കാര്യം ഇപ്പോൾ ഓർമ്മപ്പെടുത്തുന്നത്, രണ്ടുരൂപയ്ക്ക് എല്ലാ റേഷൻ കാർഡുടമകൾക്കും 35 കിലോ അരി മാസത്തിൽ ഒരിക്കൽ നൽകുന്നതിന് കേരള സർക്കാർ കൈക്കൊണ്ട സുപ്രധാനമായ തീരുമാനം തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന്റെ ലംഘനമാണെന്ന കോൺഗ്രസ് എം എൽ എ ടി എൻ പ്രതാപന്റെ പരാതിയിന്മേൽ വലിയൊരു വിഭാഗം ജനങ്ങൾക്ക് ഭക്ഷണം ഉറപ്പുനൽകിയ ഈ ഭക്ഷ്യസുരക്ഷാ പ്രാപ്തിയുടെ നടത്തിപ്പ് തടഞ്ഞുവച്ച ഇലക്ഷൻ കമ്മിഷന്റെ തീരുമാനം കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നു. ഈ വിധി ജനലക്ഷങ്ങൾക്ക് ആശ്വാസം പകർന്നു. ഈ സ്കീമിൽ പെടുത്തി തങ്ങൾക്ക് അരി നൽകണമെന്ന അപേക്ഷയുമായി ലക്ഷക്കണക്കിന് ജനം കേരളമാകെ റേഷൻ കടകളിൽ അപേക്ഷ സമർപ്പിച്ച് പ്രതീക്ഷയോടെ കാത്തിരിക്കുമ്പോഴാണ് ഇന്ന് സുപ്രിംകോടതി വിധി പ്രസ്താവിച്ചത്. പ്രസ്തുത വിധി പ്രകാരം കേരള ഹൈക്കോടതി വിധി സ്റ്റേ ചെയ്യപ്പെട്ടു.

വിധി കേട്ട ജനം നിരാശയിലാണ്ടു. അവർ ഞെട്ടി, ഒരു വെള്ളിടി കൊണ്ടതു പോലെ. കോൺഗ്രസ്സുകാർ ആഹ്ലാദപ്രകടനം നടത്തുന്നു. പാവപ്പെട്ടവന്റെ കഞ്ഞിയിൽ പാറ്റയെ ഇട്ടതിന്റെ ക്രൂരമായ സന്തോഷം.

സുപ്രിംകോടതിവിധി ഏറ്റവും മിതമായ ഭാഷയിൽ പറഞ്ഞാൽ തികച്ചും ദൗർഭാഗ്യകരമായിപ്പോയി. കോടിക്കണക്കിന്‍ ടൺ ഭക്ഷ്യധാന്യങ്ങൾ കേന്ദ്രസർക്കാരിന്റെ പിടിപ്പുകേട് കൊണ്ട്, വേണ്ട വിധത്തിൽ സംരക്ഷിക്കാത്തതു മൂലം, നശിക്കുന്നു എന്ന പരാതി പരിഗണിച്ചപ്പോൾ നമ്മുടെ സുപ്രിം കോടതി കേന്ദ്രസർക്കാരിനോട് പറഞ്ഞു, ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി സംരക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ പട്ടിണി കിടക്കുന്ന, വിശക്കുന്നവർക്ക്, അത് സൗജന്യമായി വിതരണം ചെയ്യണമെന്ന്. ഇന്ത്യയെ രോമാഞ്ചം കൊള്ളിച്ച വിധികളിലൊന്നായിരുന്നു അത്. എന്നാൽ സാങ്കേതിക ന്യായം പറഞ്ഞ് സുപ്രിംകോടതിയുടെ ആ വിധി കേന്ദ്രം നടപ്പാക്കിയില്ല. അതേ സുപ്രിംകോടതിയിൽ നിന്നാണ് ഈ നിർഭാഗ്യകരമായ വിധിയുണ്ടായതെന്ന് വിശ്വസിക്കാനാവുന്നില്ല.

ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കേരളത്തിൽ 35 ലക്ഷം കുടുംബങ്ങൾക്ക് മേൽപ്പറഞ്ഞ സ്കീം അനുസരിച്ച് കിലോയ്ക്ക് രണ്ടുരൂപ വിലയ്ക്ക് 35 കിലോ അരി വർഷങ്ങളായി ഇവിടെ എൽ ഡി എഫ് സർക്കാർ നടപ്പിലാക്കിയിരുന്നതാണ്. ആ സ്കീം കൂടുതൽ ജനങ്ങളിലേക്ക് പലപ്പോഴായി വ്യാപിപ്പിച്ചിരുന്നു. തിരഞ്ഞെടുപ്പ് പ്രഖ്യാപനം വരുന്നതിന് വളരെ മുമ്പ് നടന്ന നിയമ സഭാ സമ്മേളനത്തിൽ ഈ സ്കീം കൂടുതൽ ജനങ്ങൾക്ക് ഗുണകരമാംവിധം വ്യാപിപ്പിക്കുമെന്ന് പ്രഖ്യാപിച്ചു. തുടർന്ന് എല്ലാ കാർഡുടമകൾക്കും ഈ സ്കീം അനുസരിച്ച് ഭക്ഷ്യധാന്യങ്ങൾ നൽകാൻ തീരുമാനവും ഉത്തരവുമായി. ഇതെല്ലാം നടന്നത് തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് മുമ്പാണ്. അവ എങ്ങനെ തിരഞ്ഞെടുപ്പ് തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന്റെ ലംഘനമാകും എന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല.

എൽ ഡി എഫ് ഈ ഭക്ഷ്യസുരക്ഷ കേരളത്തിലുറപ്പാക്കിയപ്പോൾ ഇതേ സ്കീം അനുസരിച്ച് ഭക്ഷ്യ സുരക്ഷ ഇന്ത്യയ്ക്ക് വാഗ്ദാനം ചെയ്ത സോണിയാഗാന്ധിയുടെ പാർലമെന്റ് തിരഞ്ഞെടുപ്പ് കാലത്തെ വാഗ്ദാനം ഇന്നും ആകാശ കുസുമമായി നിലനിൽക്കുകയാണ്. അത് നടപ്പാക്കാൻ സാധിക്കുകയില്ലെന്ന് പ്രണബ് മുഖർജിയും മൊൻഡേക് സിംഗ് അലുവാലിയയും പ്രഖ്യാപിച്ചു കഴിഞ്ഞു.  ഈ പശ്ചാത്തലത്തിൽ ഭക്ഷ്യ കമ്മി സംസ്ഥാനമായ കേരളം ഇക്കാര്യം സ്വന്തം ഖജനാവിൽ നിന്ന് വമ്പിച്ച സബ്സിഡി നൽകി കേരളത്തിൽ നടപ്പാക്കി എന്നത് കോണ്‍ഗ്രസ്സിന്റെ മുഖത്തേറ്റ ഒരടിയാണ്. അതുകൊണ്ട് അത് എങ്ങനെയും തകർക്കണം എന്നവർ തീരുമാനിച്ചു. ഇതിനവർ കരുവാക്കിയത് തിരഞ്ഞെടുപ്പ് കമ്മിഷനെ. സുപ്രീംകോടതി വരെ പോയിട്ടാണെങ്കിലും കേരളത്തിലെ സാധാരണക്കാരന്റെ കഞ്ഞിയിൽ മണ്ണിട്ടതിൽ ആഹ്ലാദിക്കുകയാണ് കോൺഗ്രസ്സും യു ഡി എഫും.

ഇതിന് അതിശക്തമായ മറുപടി നൽകേണ്ട ചുമതല നമ്മുടെ പ്രബുദ്ധരായ ജനങ്ങൾക്കുണ്ട്. വോട്ട് ചെയ്ത് എൽ ഡി എഫിനെ ഒരിക്കൽക്കൂടി അധികാരത്തിലേറ്റിയാൽ ഈ ഭക്ഷ്യസുരക്ഷാ നടപടി എൽ ഡി എഫ് വീണ്ടും നടപ്പാക്കും. ജനങ്ങൾക്ക് ഭക്ഷണം നിഷേധിച്ച യു ഡി എഫിനെ ചരിത്രത്തിന്റെ ചെളിക്കുണ്ടിലേക്ക് വലിച്ചെറിയേണ്ട സന്ദർഭമാണിത്.

ജനവിധിയിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തിക്കൊണ്ട് കേരളത്തിലെ പ്രബുദ്ധരായ ജനത വിധിയെഴുതുമ്പോൾ സുപ്രീംകോടതി വിധിക്കും ആ ജനവിധിയെ തടയാനാവില്ല. ജനം വിജയിക്കും. ഭക്ഷ്യസുരക്ഷ എൽ ഡി എഫിലൂടെ കേരളം വീണ്ടും നേടിയെടുക്കും. ഇതിനെ തുരങ്കം വയ്ക്കാൻ ശ്രമിച്ച കോൺഗ്രസ്സും അവരെ സഹായിച്ച ശക്തികളും ഈ ജനവിധിക്കു മുന്നിൽ നിസ്സഹായരായി നിൽക്കുന്ന കാഴ്ച നമുക്ക് കാണാൻ കഴിയും. ഭക്ഷ്യസുരക്ഷയ്ക്കുള്ള നമ്മുടെ വോട്ട് എൽ ഡി എഫിന്. അതാകണം നമ്മുടെ മുദ്രാവാക്യം.